സൂക്ഷ്മ-ഇടത്തര-ചെറുകിട വ്യവസായ സംരംഭങ്ങൾ

19(*49) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൂക്ഷ്മ - ഇടത്തര - ചെറുകിട വ്യവസായ സംരംഭങ്ങളുടെ വളർച്ചക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ വളർച്ച ലക്ഷ്യമാക്കി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി.

കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപക സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ല/താലൂക്ക്/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവൽക്കരണം നടത്തുന്നു.

2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടി എടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യത്യസ്ത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സങ്കീർണ്ണതകൾ ഒഴിവാക്കി സംരംഭകന് ലളിതമായ നടപടി ക്രമങ്ങളിലൂടെ പരമാവധി സാമ്പത്തിക സഹായം നൽകുക എന്നതാണ് സംരംഭകത്വ സഹായ പദ്ധതി മുഖേന ലക്ഷ്യമിടുന്നത്.

ശരിയായ സംരംഭകരെ തിരിച്ചറിഞ്ഞ് അവർക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക, വ്യവസായ സംരംഭത്തിനായി നടത്തുന്ന നിക്ഷേപത്തിന് ഒറ്റത്തവണ ആനുകൂല്യം നൽകി സഹായിക്കുക, പ്രോജക്ടുകളെ സംബന്ധിച്ച ആശയങ്ങൾ, നടത്തിപ്പ് നിർവ്വഹണം, നിർവ്വഹണ സാദ്ധ്യത എന്നിവയെ സംബന്ധിച്ച ഉപദേശം നൽകുക തുടങ്ങി സൂക്ഷ്മ-ഇടത്തര-ചെറുകിട സംരംഭങ്ങളുടെ സമഗ്ര പുരോഗതി ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

(സി) വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയാണ് ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

ബി.എസ്.ഇ.എസ്. താപനിലയവുമായുള്ള വൈദ്യുതി വാങ്ങൽ കരാർ

20 (*50) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിലയൻസ് ഗ്രൂപ്പിന്റെ ബി.എസ്.ഇ.എസ്. താപനിലയവുമായുള്ള വൈദ്യുതി വാങ്ങൽ കരാർ രണ്ടുവർഷം കൂടി നീട്ടുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉയർന്ന വിലയുള്ള വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങിയിട്ടില്ലെങ്കിലും കരാർ പ്രകാരമുള്ള ഫിക്സഡ് കോസ്റ്റായി മാസംതോറും നൽകേണ്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കരാർമൂലം കെ.എസ്.ഇ.ബി.-ക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നത് കണക്കിലെടുത്ത് ഇതിൽ നിന്നും ഒഴിവാകുന്ന കാര്യം പരിഗണിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നാൽ ബി.എസ്.ഇ.എസ്. കേരള പവർ ലിമിറ്റഡിന്റെ കൊച്ചിയിലുള്ള പവർ പ്ലാന്റുമായിട്ടുണ്ടായിരുന്ന വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി 31-10-2015-ന് അവസാനിച്ച സാഹചര്യത്തിൽ ആയത് നാഫ്ത ഇന്ധനമാക്കി നിലനിർത്തിക്കൊണ്ട് ചില നിബന്ധനകൾക്ക് വിധേയമായി 2 വർഷത്തേക്ക് കൂടി നീട്ടാൻ 20-5-2015-ൽ ചേർന്ന കെ.എസ്.ഇ.ബി. ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ രണ്ട

LIBRARY ARCHIVES Kerala Legislative Assembly